<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41</u> <u>05-10-2021 - ൽ മറുപടിയ്ക്ക്</u>

<u>പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ വിലവർദ്ധന പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |
| (ബി) | ഇന്ധന വില വർദ്ധനവിനെത്തുടർന്ന് ഉണ്ടാകുന്ന വിലക്കയറ്റം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി |

| | | | |
|---|---|---|---|
| | | | കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |
| (സി) | പൊതുഗതാഗത സംവിധാനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഇന്ധന നികുതി സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | പൊതുഗതാഗത സംവിധാനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഇന്ധന നികുതി സബ്സിഡി നൽകുന്ന കാര്യത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ